**നോമ്പുകാലം മൂന്നാം ഞായർ**

**മത്താ 20:17-28**

## സ്ഥാനമോഹമില്ലാത്ത ശിഷ്യരെ ആവശ്യമുണ്ട്

റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ

പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള മൂന്നാമത്തെ പ്രവചനത്തോടെയാണ് ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. തിരുനാളിൽ പങ്കെടുക്കാൻ വേണ്ടി എല്ലാവരും സന്തോഷത്തോടെ ജെറുസലേമിലേക്കു പോകുമ്പോൾ, ആ വിശുദ്ധ നഗരത്തിൽ തന്നെ കാത്തിരിക്കുന്നത് പീഢാനുഭവമാണെന്ന് വ്യക്തമായി പറഞ്ഞിട്ടും ശിഷ്യർ അതിനോട് സഹാനുഭൂതിയോടെ പ്രതികരിക്കുന്നില്ല. അവരുടെ ചർച്ചാവിഷയം സ്വർഗരാജ്യത്തിലെ പ്രമുഖ സ്ഥാനങ്ങൾ ആർക്കൊക്കെയെന്നതാണ്. വോട്ടെണ്ണൽ ദിവസം ലീഡ് വ്യക്തമാകുന്നതോടെ പാർട്ടിക്കകത്ത് മന്ത്രിപദങ്ങൾക്കു വേണ്ടിയുള്ള അവകാശവാദങ്ങൾ ശക്തിപ്പെട്ടു തുടങ്ങുന്നത് സാന്ദർഭികമായി ഓർത്തുപോകുന്നു. താക്കോൽ സ്ഥാനങ്ങൾക്കുവേണ്ടി നേരിട്ടും ശുപാർശക്കാർ വഴിയും നടത്തുന്ന പരിശ്രമങ്ങളോടുള്ള യേശുവിന്റെ ശക്തമായ പ്രതികരണത്തോടെയാണ് ഇന്നത്തെ സുവിശേഷം അവസാനിക്കുന്നത്.

### ലോകത്തിലെ മൂല്യങ്ങളും സ്വർഗരാജ്യത്തിലെ മൂല്യങ്ങളും

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ 19-ാം അധ്യായത്തിൽ സമ്പത്തും സ്വർഗരാജ്യവും എന്ന വിഷയം ചർച്ചയാകുന്നുണ്ട്. ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരണമാണെന്ന് ഈശോ പഠിപ്പിച്ചു. ശിഷ്യർ ഉടനെ ഇതാ ഞങ്ങൾ എല്ലാമുപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുകയും പ്രതിഫലമായി എന്തു ലഭിക്കുമെന്ന് ചോദിക്കുകയും ചെയ്തു. മറുപടിയായി, സ്വർഗരാജ്യത്തിൽ അവർക്ക് ഇരിപ്പിടങ്ങളുണ്ടെന്ന് ഈശോ വ്യക്തമാക്കി. മനുഷ്യപുത്രൻ തന്റെ മഹത്ത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനാകുമ്പോൾ എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും. ഈ പശ്ചാത്തലത്തിലാണ് മഹത്വീകൃതനായ യേശുവിന്റെ വലത്തും ഇടത്തും സ്ഥാനങ്ങളെപ്പറ്റിയുള്ള ചർച്ച 20-ാം അധ്യായത്തിൽ വരുന്നത്.

സഹനദാസനെക്കുറിച്ചുള്ള പ്രവചനങ്ങളിൽ പറഞ്ഞിട്ടുള്ളതും യേശുവിന്റെ തന്നെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്തിട്ടുള്ളതുമായ എളിമയാർന്ന നേതൃത്വശൈലി ശിഷ്യർക്ക് ഒട്ടുംതന്നെ മനസ്സിലായില്ല. പണ്ടുമുതലേ ദൈവീകമല്ലാത്ത അധികാരശൈലികളോടായിരുന്നു ദൈവജനത്തിന് താത്പര്യം. ഒരു രാജാവിനെ ചോദിച്ച് ദൈവത്തെ സമീപിക്കാൻ ഇസ്രായേലിനെ പ്രേരിപ്പിച്ചത് വിജാതീയർക്കിടയിൽ നിലനിന്നിരുന്ന രാജഭരണമായിരുന്നു. ശിഷ്യരുടെ സ്ഥാനമോഹത്തെ ശക്തമായി തിരുത്തുന്ന ഈശോ വിജാതീയരുടെ ഇടയിലുള്ള യജമാനത്തശൈലിയെ പൂർണമായി തള്ളിപ്പറയുന്നുണ്ട്. നേതൃത്വത്തിന്, അത് കുടുംബത്തിലായാലും സമൂഹത്തിലായാലും, രണ്ട് ശൈലികൾ നിലവിലുണ്ട്: ആധിപത്യത്തിന്റെ ശൈലി, ശുശ്രൂഷയുടെ ശൈലി. അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം സുവിശേഷം നമ്മോടു പറയുന്നത് ക്രിസ്ത്യാനികളായ നമ്മുടെ നേതൃത്വശൈലി ശുശ്രൂഷയുടേതാണ് എന്നതാണ്.

സ്ഥാനങ്ങൾ ചോദിച്ചത് സെബദീ പുത്രന്മാരാണെങ്കിലും, സ്ഥാനമാനങ്ങളെക്കുറിച്ചുള്ള പ്രബോധനം ഈശോ നല്കുന്നത് എല്ലാ ശിഷ്യർക്കുമാണ്. എല്ലാവരോടുമായി പറയാൻ കാരണം, സ്ഥാനത്തെക്കുറിച്ചുള്ള അണിയറ തർക്കങ്ങളിൽ എല്ലാവരുമുണ്ട് എന്നതുതന്നെയാണ്. ബാക്കി പത്തു പേർക്കും യാക്കോബിനോടും യോഹന്നാനോടും അമർഷം തോന്നിയെന്ന് നാം വായിക്കുന്നു. അമർഷം എന്ന വികാരമുണ്ടാകുന്നത് അസൂയ കലർന്ന മത്സരബുദ്ധിയിൽ നിന്നാണ്. താൻ ലക്ഷ്യം വയ്ക്കുന്നത് മറ്റൊരാൾ കൈക്കലാക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ മനസ്സിൽ അടിഞ്ഞുകൂടുന്ന ദോഷചിന്തകളുടെയും

വികാരങ്ങളുടെയും കയ്പുള്ള മിശ്രിതത്തിന്റെ പേരാണ് അമർഷം. പ്രത്യക്ഷ കാരണങ്ങളില്ലാത്ത നിഗൂഢവൈരമാണത്. ഇതു മനസ്സിലാക്കിയതുകൊണ്ടാവണം സ്ഥാനങ്ങൾ പരസ്യമായി ആവശ്യപ്പെട്ടവരോടു ഗൂഢമായി ആഗ്രഹിച്ചവരോടും ഒന്നിച്ച് സംസാരിക്കാൻ ഈശോ തീരുമാനിച്ചത്. മത്സരത്തിന്റെ ശൈലിയിലല്ലാതെ ഒന്നും ചെയ്യാൻ കഴിയാത്തവിധം ലൗകികമാണ് മനസ്സെങ്കിൽ എല്ലാവരോടും മത്സരിക്കുക, എല്ലാവരുടെയും ശുശ്രൂഷകനാകുന്നതിൽ. ക്രിസ്തു ശിഷ്യർക്കിടയിൽ ഒരൊറ്റ മത്സര ഇനമേയുള്ളൂ. എളിമയാർന്ന ശുശ്രൂഷ. നേതാക്കളില്ലാതെ ജീവിക്കാനാകില്ലെങ്കിൽ നേതാക്കന്മാരുണ്ടാകട്ടെ. എന്നാൽ, Two Popes എന്ന സിനിമയിലെ ശ്രദ്ധേയമായൊരു സംഭാഷണത്തിൽ പറയുന്നതുപോലെ, The most important qualification of a leader is not wanting to be a leader എന്ന തത്ത്വം മറക്കരുത്.

ഇന്നത്തെ സുവിശേഷഭാഗം വായിക്കുന്ന പലർക്കും പത്തു ശിഷ്യരോടൊപ്പം യാക്കോബിനോടും യോഹന്നാനോടും അമർഷം തോന്നാനിടയുണ്ട്. വാസ്തവത്തിൽ ആ രണ്ടു ശിഷ്യർക്ക് അവർ ചോദിച്ചത് പിതാവ് നല്കുക തന്നെ ചെയ്തു. ദൈവരാജ്യം ഒരു വിരുന്നാണെന്ന് യേശു പറഞ്ഞത് അനുസ്മരിക്കുമെങ്കിൽ ഇക്കാര്യം മനസ്സിലാകും. യഹൂദരുടെ വിരുന്നുകളിൽ ആദ്യമെത്തുന്ന അതിഥിയാണ് പ്രമുഖസ്ഥാനത്തിരിക്കുന്നയാളുടെ വലതുവശത്തിരിക്കുക. പിന്നാലെ വരുന്നവർ അതിനടുത്ത സ്ഥാനങ്ങളിലും ഇരിക്കും. അങ്ങനെ, എല്ലാവരും വട്ടമിരുന്ന് ആഹരിക്കുന്ന വിരുന്നിൽ കേന്ദ്രസ്ഥാനത്തിരിക്കുന്നയാളുടെ ഇടത്തുവശത്തിരിക്കുന്നത് അവസാനമെത്തുന്ന അതിഥിയായിരിക്കും. യേശുവിന്റെ ശിഷ്യരിൽ രക്തസാക്ഷിത്വത്തിലൂടെ യേശുവിന്റെ സ്വർഗീയ വിരുന്നുശാലയിലേക്ക് ആദ്യം കടന്നുചെന്നത് യാക്കോബാണ്. പിന്നാലെ, ബാക്കി അപ്പസ്തോലന്മാർ മരണത്തിന്റെ കവാടത്തിലൂടെ സ്വർഗരാജ്യത്തെത്തി. ഏറ്റവുമൊടുവിൽ മരിച്ചത് യോഹന്നാനാണ്. അങ്ങനെ നോക്കുമ്പോൾ, യേശുവിന്റെ രാജ്യത്തിൽ ഈ രണ്ടു ശിഷ്യന്മാർ തന്നെ വലത്തും ഇടത്തും ഇരിക്കാൻ ഇടയായി. സഹപ്രവർത്തകരുമായി മത്സരിക്കാൻ സമയം പാഴാക്കാതെ സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്ക് സ്വയം സമർപ്പിച്ചതു വഴിയാണ് അവർക്ക് യേശുവിന്റെ തൊട്ടടുത്ത് എത്താനായത്.

**ഉപസംഹാരം**

യേശുവും ശിഷ്യരും മുഖാമുഖം നിൽക്കുന്ന ഒരു സുപ്രധാന സുവിശേഷ ഭാഗമാണിത്. പാവങ്ങളുടെയും പാപികളുടെയും പാദം കഴുകുന്ന യേശുവിന്റെ മനസ്സ് ഒരു ഭാഗത്ത്, പദവികളെക്കുറിച്ചും പ്രതിഫലത്തെക്കുറിച്ചും സദാ കലഹിക്കുന്ന ശിഷ്യരുടെ മനസ്സ് മറുഭാഗത്ത്. അർഹിച്ച സ്ഥാനം കിട്ടിയല്ല, ആരുമെന്ന് പരിഗണിച്ചില്ല എന്നൊക്കെയുള്ള തികച്ചും മാനുഷികമായ ചിന്തകളും പരിഭവങ്ങളും മനസ്സിനെ മഥിക്കുമ്പോൾ സ്വയം പരിഹസിച്ച് മനഃശുദ്ധി നേടാൻ പരിചിതമായ കവിതാശകലം ഉപകരിച്ചേക്കും. സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ചും/നാണം കെട്ടു നടക്കുന്നിതു ചിലർ സ്വർഗരാജ്യത്തിന്റെ വാതിൽക്കൽ നിന്ന് നാണംകെട്ട് തിരിച്ചു നടക്കാതിരിക്കാൻ നമുക്ക് ഈശോയെ ഗൗരവമായിട്ടും സൂക്ഷ്മമായിട്ടും അനുഗമിക്കാം. സ്ഥാനമാനങ്ങളേക്കാളധികമായി നീയെന്ന് സ്നേഹിക്കുന്നുവോയെന്ന് അവന്റെ കണ്ണുകൾ എപ്പോഴും നമ്മോട് ചോദിക്കുന്നുണ്ട്.